ഉത്തരം

(എ) ഉണ്ട്.

(ബി) എം.എസ്.എസ്. പ്രവർത്തകർക്ക് ഫോട്ടോ പതിപ്പിച്ച ഐഡന്റിറ്റി കാർഡ് നൽകുക. പ്രതിമാസ ഓണറേറിയം നൽകണമെന്നും അത് വർദ്ധിപ്പിക്കണമെന്നും, യൂണിഫാറം അനുവദിക്കുക അതിന് സർക്കാർ ഫണ്ട് അനുവദിക്കുക, ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുക, ആരോഗ്യ വകുപ്പിൽ ഒഴിവു വരുന്ന തസ്തികയിൽ നിയമനം ലഭിക്കുന്നതിനും 25% എം.എസ്.എസ്. പ്രവർത്തകർക്ക് സംവരണമേർപ്പെടുത്തണം തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മഹിളാ സ്വസ്ത് സംഘ് യൂണിറ്റംഗങ്ങൾക്ക് ഓണറേറ്റിയം അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്. ഇപ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3220 യൂണിറ്റുകൾക്കുള്ള പ്രതിമാസ ഓണറ്റേറിയം കേന്ദ്രസർക്കാരിൽ നിന്നു ലഭിച്ചിട്ടുണ്ട്. ആയത് പ്രതിമാസം നൂറ് രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. മറ്റു ആവശ്യങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

മഹിളാ സ്വസ്ത് സംഘം വോളന്റിയർമാർക്ക് പ്രതിമാസ ഓണറേറിയം

191 (3381) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹിളാ സ്വസ്ത് സംഘം വോളന്റിയർമാർക്കും പ്രതിമാസ ഓണറേറിയം നൽകണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രത്തിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(സി) സന്നദ്ധ സേവകരായ എം.എസ്.എസ്. പ്രവർത്തകർക്ക് യാത്ര ചെലവുകൾക്കും ബന്ധപ്പെട്ട മറ്റ് ചെലവുകൾക്കുമായി പ്രതിമാസ ഓണറേറിയം അനുവദിക്കാൻ എന്തെങ്കിലും നിയമ തടസ്സം ഉണ്ടോ ;

(ഡി) എങ്കിൽ വിശദീകരിക്കുമോ ;

(ഇ) ഇല്ലെങ്കിൽ അവർക്ക് ഓണറേറിയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 3220 എം.എസ്.എസ്. യൂണിറ്റുകൾക്ക് ഓണറേറിയം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. പ്രതിമാസ ഓണറേറിയമായി നൂറു രൂപവീതം അനുവദിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

മഹിളാ സ്വസ്ത് സംഘാംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ്

192 (3382) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹിളാ സ്വസ്ത് സംഘാംഗങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകാനുദ്ദേശമുണ്ടോ ;

(ബി) എങ്കിൽ ഇതേവരെ കാർഡ് നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) തിരിച്ചറിയൽ കാർഡ് സേവനം അനുഷ്ഠിക്കുന്നവർക്ക് മാത്രമേ നൽകാവു എന്ന് നിർദ്ദേശം വന്നിട്ടുണ്ടോ ;

(ഡി) എങ്കിൽ ലിസ്റ്റിൽ പേര് ചേർത്തിട്ടുള്ളതും ഒരു പ്രവർത്തനവും നടത്താത്തവരുമായ ആളുകൾക്ക് തിരിച്ചറിയൽ കാർഡ് നൽകരുതെന്ന് നിർദ്ദേശിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

ജീറിയാട്രിക്സ് ചികിത്സാശാഖ തുടങ്ങുവാൻ നടപടി

193 (3383) ശ്രീ.പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വരും ദശകത്തിൽ വൃദ്ധജനങ്ങളുടെ ജനസംഖ്യ വർദ്ധിക്കുമെന്നുള്ളത് കണക്കിലെടുത്ത് മെഡിക്കൽ കോളേജുകളിൽ ജീറിയാട്രിക്സ് ചികിത്സാശാഖ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എല്ലാ തിങ്കളാഴ്ചയും 10 മണിക്ക് ജീറിയാട്രിക്സ് ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. മറ്റ് കോളേജുകളിൽ ജീറിയാട്രിക്സ് ക്ലിനിക്കുകൾ തുടങ്ങുന്നതിന് ഇപ്പോൾ നിർദ്ദേശമൊന്നും പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly